## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**06.08.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.00 ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.07.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 വാർഷിക പദ്ധതിയിൽ 10134 കോടി രൂപ അടങ്കലുള്ള 196752 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായിട്ടുണ്ടെന്നും, അവയിൽ 8643 കോടി രൂപ അടങ്കലുള്ള 181632 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പാലക്കാട് ജില്ലയിലെ 21 ഗ്രാമപഞ്ചായത്തുകളും വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തും ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളുടേതൊഴികെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളുടേയും പദ്ധതികൾക്ക് ആസൂത്രണസമിതി അംഗീകാരം ലഭിച്ച തായി യോഗം നിരീക്ഷിച്ചു. വർക്കല, കുന്നംകുളം, കായംകുളം ഒഴികെയുള്ള എല്ലാ മുനിസിപ്പാലിറ്റികളുടെയും, തിരുവനന്തപുരം ഒഴികെയുള്ള എല്ലാ കോർപ്പറേഷനു കളുടെയും പദ്ധതി രൂപീകരണം പൂർത്തിയായതായും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി അംഗീകാരം ലഭ്യമായത് എറണാകുളം, തിരുവനന്തപുരം എന്നി ജില്ലാ പഞ്ചായത്തുകൾക്ക് മാത്രമാണെന്നും യോഗം നിരീക്ഷിച്ചു.

2.2 ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 6 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും യോഗം തീരുമാനിച്ചു. എന്നാൽ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തിയശേഷം മാത്രമേ റോഡ് പണികൾ ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചു.

2.3 ഇന്ദിര ആവാസ് യോജന ഭവന പദ്ധതിക്ക് എല്ലാ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളും നിർദ്ദിഷ്ട വകയിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് പുനഃപരിശോധിക്കേണ്ടതാണെന്നും, തുക വകയിരുത്തിയിട്ടില്ലാത്ത പഞ്ചായത്തു കൾ അടിയന്തിരമായി മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്ത് തുക വകയിരുത്തി പദ്ധതി രൂപീകരിക്കുന്നതിന് കർശനമായി നിർദ്ദേശിച്ചു തീരുമാനിച്ചു. 2014 ആഗസ്റ്റ് 31 നകം ഇത് പൂർത്തീകരിക്കേണ്ടതാണെന്ന് നിശ്ചയിച്ചു.

2.4 കെ.എൽ.ജി.എസ്.ഡി.പി. വിഹിതത്തിന്റെ അലോട്ട്മെന്റ് 2014 മാർച്ച് 27-നു മാത്രം ലഭിക്കുകയും പൊതുതെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടങ്ങൾ 2014- മെയ് 19 വരെ നിലവിലിരിക്കുകയും ചെയ്തതിനാൽ നിർദ്ദിഷ്ട കാലയളവിനുള്ളിൽ മുനിസിപ്പാ ലിറ്റികൾക്കും പഞ്ചായത്തുകൾക്കും പ്രസ്തുത വിഹിതം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു. അലോട്ട് ചെയ്ത ഫണ്ട്

ലാപ്സാവുകയില്ലെങ്കിലും പദ്ധതി നിർവഹണത്തിന്റെ നിലവാരം പരിശോധിക്കുമ്പോൾ (പെർഫോർമൻസ്) തുടർ സഹായങ്ങൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യങ്ങളുണ്ടാകുമെന്നും അഭിപ്രായം ഉണ്ടായി. പദ്ധതി വിഹിതത്തിന്റെ 10 ശതമാനത്തോളം വരുന്ന പ്രസ്തുത അലോട്ട്മെന്റിന്റെ നിർവഹണം സംബന്ധിച്ച ഗൗരവതരമായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം തേടുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കാൻ ബഹു.ആസൂത്രണബോർഡ് മെമ്പർ ശ്രീ.സി.പി. ജോണിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.5** തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്പിൽഓവർ പദ്ധതികളുടെ നിർവഹണ കാലയളവ് 2014 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു.

**2.6** ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറികളുടെ നവീകരണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിന് പദ്ധതി മാർഗരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കിലയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.7** ക്ഷീര സംഘങ്ങൾ മുഖേനയുള്ള കാലിത്തീറ്റ വിതരണം ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നത് സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാവുന്നതും അതിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും സഹകരിക്കാമെന്നും തീരുമാനിച്ചു.

**2.8** കെ.എൽ.എസ്.ജി.ഡി.പി. വിഹിതം ലഭിച്ചത് ഉപയോഗിക്കാനുള്ള കാലാവധി 2014 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചു നൽകണമെന്നയാവശ്യം അംഗീകരിച്ചു തീരുമാനിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 മങ്കട ബ്ലോക്ക് പഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ.റ്റി.എ. അഹമ്മദ് കബീർ മുഖേന (ഫയൽ നം. 44417/ഡി.ഡി.2/14/തസ്വഭവ)**

മങ്കട ബ്ലോക്ക് പഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ ജലസേചന പദ്ധതികളും കുടിവെള്ള പദ്ധതികളും നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.52381/ഡി.ബി.2/13/തസ്വഭവ)**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ വക ജീപ്പ് ജില്ലാ ആശുപത്രിയുടെ പാലിയേറ്റീവ് കെയർ യൂണിറ്റിന് വിട്ടു നൽകണമെന്ന ആവശ്യം തുടർ ചെലവുകൾ പാലിയേറ്റീവ് കെയർ യൂണിറ്റ് വഹിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 46951/ഡി.ഡി.2/14/തസ്വഭവ)**

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2014-15 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന എവർഗ്രീൻ ആർമി എന്ന പദ്ധതിക്ക് 5 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

**(ഫയൽനം46894/ ഡി.സി.3/14/തസ്വഭവ)**

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇനി നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചക്കുപള്ളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 45238/ഡി.ബി3/14/തസ്വഭവ)**

ചക്കുപള്ളം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ഒരു ആംബുലൻസ് വാങ്ങി നൽകണമെന്ന ആവശ്യം തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കാമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മേലടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.42887/ഡി.ഡി.2/14/തസ്വഭവ)**

ഗുണഭോക്താക്കളെ തെരഞ്ഞടുത്തത് ഗ്രാമസഭ ആയിരിക്കണമെന്നും, ഗുണഭോക്താക്കൾക്ക് വൈകല്യം തെളിയിക്കുന്ന കാർഡ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയിൽ വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാൻ അനുവദിച്ചു. ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവർക്ക് വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ ഡോക്ടറുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർദ്ദേശിച്ചു. ഡോക്ടർമാർക്ക് പകരം കെൽട്രോൺ ടെക്നീഷ്യൻമാർ ക്യാമ്പിൽ പങ്കെടുക്കുന്നത് ഉചിതമല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 39863/ഡി.ബി.3/14/തസ്വഭവ)**

ഷീ ടാക്സി സർക്കാർ തലത്തിൽ കുടുംബശ്രീ നടപ്പാക്കുന്നതിനാൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കേണ്ടതില്ലെന്നും വിജയഭേരി, ആരോഗ്യതീരം, സ്ക്കൂൾ ബസ് വാങ്ങൽ, പരിരക്ഷ എന്നീ പദ്ധതികൾക്ക് ബന്ധപ്പെട്ട മേഖലയിൽ ഉൾപ്പെടുത്തുന്നതിനും ജില്ലാ പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നതാണെന്നും ആയതിന് പ്രത്യേക അനുമതി ആവശ്യമില്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 44387/ഡി.എ2/14/തസ്വഭവ)**

23.07.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 2.2 തീരുമാനവും ഇന്നത്തെ 2.2 തീരുമാനവും ബാധകമാണെന്ന് നിരീക്ഷിച്ചു. എന്നാൽ നിർബന്ധമായും ഐ.എ.വൈ വിഹിതം വച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം. 33561/ഡി.ബി3/14/തസ്വഭവ)**

07.05.2014–ലെ സ.ഉ.(എം.എസ്)74/2014/തസ്വഭവ ഉത്തരവ് നിലവിലുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 49937/ഡി.ഡി.2/14/തസ്വഭവ)**

സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പ്രോജക്ടിനുള്ള ഓഡിറ്റ് വിഭാഗത്തിന്റെ തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 45885/ഡി.എ1/14/തസ്വഭവ))**

പുറമ്പോക്കു സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വാഴൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 47879/ഡി.ഡി.2/14/തസ്വഭവ)**

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് 23.07.2014 ലെ ഇനം 2.2 തീരുമാനം ബാധകമാണെന്ന് നിരീക്ഷിച്ചു. തൊഴിൽ യൂണിറ്റുകൾക്ക് ഫർണിച്ചർ, കോളനി സമഗ്ര വികസനം എന്നീ പ്രോജക്ടുകൾക്ക് അനുവാദം നൽകേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത(ബഹു.എം.എൽഎ ശ്രീ.കെ. ഹംസ മുഖേന സമർപ്പിച്ചത്)(ഫയൽ നം. 48516/എഫ്.എം.3/14/തസ്വഭവ)**

23.07.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.2 തീരുമാനം ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 തൊടുപുഴ നഗരസഭ (ഫയൽ നം. 37726/ഡി.സി.1/14/തസ്വഭവ)**

തൊടുപുഴ നഗരസഭയുടെ 2014–15 വാർഷിക പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതായി നഗരകാര്യ ജോയിന്റ് ഡയറക്ടർ അറിയിച്ചതിനാൽ വാർഷിക പദ്ധതി രൂപീകരണ സമയം ദീർഘിപ്പിച്ചു നൽകാനുള്ള ആവശ്യത്തിന് പ്രസക്തി ഇല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.47302/ഡി.എ3/14/തസ്വഭവ)**

നിലവിലുള്ള തെരുവുവിളക്കുകൾ കേടാകുമ്പോൾ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് ബഹു.എം.എൽ.എ ശ്രീ. എൻ. എ നെല്ലിക്കുന്ന് മുഖേന സമർപ്പിച്ചത് (ഫയൽനം.43572/ഡി.ഡി.2/14/തസ്വഭവ)**

23.07.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം 2.2 ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.29229/ഡി.ഡി.1/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന് പൂരക പോഷകാഹാര പദ്ധതിയിൽ റീ ഇംപേഴ്സ്മെന്റായി ലഭിച്ച തുക കൂടി ഉൾപ്പെടുത്തി അംഗനവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 എൽ. എസ്.ജി.ഡി. എഞ്ചിനീയേഴ്സ് അസോസിയേഷന്റെ നിവേദനം (ഫയൽനം.49065/ഇ.ഡബ്ല്യൂ3/14/തസ്വഭവ)**

എൽ.എസ്.ജി.ഡി. എഞ്ചിനീയേഴ്സ് അസോസിയേഷന്റെ നിവേദനം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം അറിയാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.48917/ഡി.ഡി.2/14/തസ്വഭവ)**

2013–14 വാർഷിക പദ്ധതിയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു നൽകിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.48919/ഡി.ഡി.1/14/തസ്വഭവ)**

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് തടയണ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിൽ വരേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്**

ട്രേഡ് ഫെയർ പ്രോജക്ടിന് തുക നൽകാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി**

10.02.2014–ലെ സ.ഉ(സാധാ)366/14/ തസ്വഭവ ഉത്തരവ് പുതുക്കി നൽകുന്നതിൽ വകുപ്പുതല തീരുമാനം എടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

23.07.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.2 തീരുമാനം ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തൃശൂർ ജില്ലാ പഞ്ചായത്ത്**

തൃശൂർ ജില്ലാ പഞ്ചായത്ത് 2004–05 മുതൽ 2008–09 വരെ അക്ഷയ പ്രോജക്ടിന് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 5025810 രൂപ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ ലാംഗ്വേജ് ലബോറട്ടറിയുടെ ആവശ്യത്തിന് ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കാട്ടാക്കട ഗ്രാമപഞ്ചായത്ത് (ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ.എൻ. ശക്തൻ മുഖേന സമർപ്പിച്ചത്)**

കാട്ടാക്കട ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയും ജല ശുദ്ധീകരണശാലയും സ്ഥാപിക്കാൻ സ്ഥലം വാങ്ങി നൽകാനുള്ള തുകയ്ക്ക് വായ്പയെടുക്കാൻ അനുവദിക്കണമെന്നയാവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ഇനം 2.7 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 വരന്തരപ്പള്ളി ഗ്രാമപഞ്ചായത്ത്**

വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2013–14–ലെ ആശ്രയ പദ്ധതി 2014–15 വർഷം നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ബഹു.ശ്രീ. പി.എ. മാധവൻ എം.എൽ.എയുടെ കത്ത്**

മണലൂർ–കണ്ടശ്ശാംകടവ് – ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളം കളിക്ക് തൃശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 25000 രൂപ വരെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അവികസിത പ്രദേശങ്ങളിൽ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സൗരോർജ വിളക്കുകൾ സ്ഥാപിക്കുന്നത് ഐ.എ.വൈ പദ്ധതിക്കു വിഹിതം ഉറപ്പാക്കിയശേഷം മാത്രമേ നടപ്പാക്കാവൂ എന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

സ്ഥലമെടുപ്പിന് നിലവിലുള്ള നിബന്ധനകൾ പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 വെട്ടിക്കവല ഗ്രാമപഞ്ചായത്ത് (ബഹു. കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖാന്തിരം)**

ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അംഗൻവാടി കെട്ടിട നിർമ്മാണവും മാർക്കറ്റ് നവീകരണവും പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ബഹു. പി.റ്റി.എ റഹിം എം.എൽ.എ യുടെ കത്ത്**

കുന്ദമംഗലം ഗവൺമെന്റ് കോളേജിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയിൽ കവിയാതെ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കേരള ഗ്രന്ഥശാലാ സംഘം – തിരൂരങ്ങാടി താലൂക്ക് ലൈബ്രറി കൗൺസിൽ (ബഹു.മന്ത്രി അബ്ദുൾ റബ്ബ് മുഖാന്തിരം)**

ഗ്രന്ഥശാലാ സംഘത്തിനു കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 ചെറുകാവ് ഗ്രാമപഞ്ചായത്ത്**

ചെറുകാവ് ഗ്രാമപഞ്ചായത്തിന് STEP പദ്ധതിക്ക് സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന വിഷയമല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ചെറുകാവ് ഗ്രാമപഞ്ചായത്ത്**

ചെറുകാവ് ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോറിനുള്ള വാടകയിൽ കൂടുതലായി വരുന്ന തുക അടുത്ത രണ്ട് വർഷത്തേയ്ക്കു കൂടി തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 മുതുതല ഗ്രാമപഞ്ചായത്ത്**

മുതുതല ഗ്രാമപഞ്ചായത്തിന്റെ കൊയ്ത്തുമെതിയന്ത്രം സംബന്ധിച്ച് 28.05.2013-ലെ 31234/ഡി.എ2/2013/തസ്വഭവ ഉത്തരവിൽ തീരുമാനമായിട്ടുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ**

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തന മേഖല വിപുലീകരിക്കണമെന്ന ആവശ്യം, ആക്ടിവിറ്റി മാപ്പ് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൊൻമള ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 ഒളവണ്ണ ഗ്രാമപഞ്ചായത്ത് ( ബഹു.എം.എൽ.എ ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി മുഖേന സമർപ്പിച്ചത്)**

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പൊന്നേം പാടം – മണക്കടവ് ബോട്ട് സർവീസ് പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് ഡയറകടറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 ചെറുകാവ് ഗ്രാമപഞ്ചായത്ത് ( ബഹു.എം.എൽ.എ ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി മുഖേന സമർപ്പിച്ചത്)**

കൊണ്ടോട്ടി നിയമസഭാ മണ്ഡലത്തിലെ വിവിധ സർക്കാർ സ്ക്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് കോച്ചിംഗ് നൽകാൻ തനത് ഫണ്ടിൽ നിന്നും 5000 രൂപയിൽ കവിയാതെ സംഭാവന നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് ( ബഹു.എം.എൽ.എ ശ്രീ. കെ.കെ. ജയചന്ദ്രൻ മുഖേന സമർപ്പിച്ചത്)**

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 പുത്തൂർ ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ. എം.പി. വിൻസെന്റ് മുഖേന സമർപ്പിച്ചത്)**

പുത്തൂർ ഗ്രാമപഞ്ചായത്തിലെ വനിത വ്യവസായകേന്ദ്രത്തിലേയ്ക്ക് ഇഷ്ടിക നിർമ്മാണത്തിന് മണ്ണ് എത്തിച്ചു കൊടുത്തതിന്റെ കടത്ത് കൂലി സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്ത്**

കുന്നോത്തു പറമ്പ ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കറന്റു ചാർജ് നൽകുന്നതിലെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. ജലനിധി പദ്ധതിയുടെ കറണ്ട് ചാർജ് അടവാക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 ഏലൂർ മുനിസിപ്പാലിറ്റി**

ഇനം 2.8 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്**

പ്രോജക്ട് ഭേദഗതി സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 ഉത്തര മേഖല ചീഫ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം സംബന്ധിച്ച്**

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് ഉത്തര മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് വാഹനം വാങ്ങി നൽകാമെന്ന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ അറിയിച്ചതു പ്രകാരം അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.47 തൃശൂർ ജില്ലാ പഞ്ചായത്ത്**

പരമ്പരാഗത കലകൾ, നാടകോത്സവം, ചലചിത്രോത്സവം എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനും, വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ഹോം കെയർ സർവീസിന് വാഹനം വാങ്ങി നൽകുന്നതിനും പി.എച്ച്.സി.കൾക്ക് പാലിയേറ്റീവ്

പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും അനുവാദം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു. ജങ്കാർ സർവീസ് സംബന്ധിച്ച് പഞ്ചായത്ത് ഡയറ്കടറുടെ റിപ്പോർട്ട് ലഭ്യമാക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.48 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ഇടുക്കിയിലെ മാങ്കുളം/ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ദേഹോപദ്രവം ഏൽപ്പിച്ചത് സംബന്ധിച്ച് ഡി.ഡി.പിയോട് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.49 കളമശ്ശേരി നഗരസഭ**

കളമശ്ശേരി നഗരസഭ തൃക്കാക്കര നോർത്ത് ഞാലകം കരയിൽ എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് പട്ടികജാതി വിഭാഗങ്ങൾക്കു മാത്രമേ നൽകാവൂ എന്നതിനാൽ മറ്റ് ആവശ്യങ്ങൾക്ക് ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 10.15 ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 13.08.2014 രാവിലെ 8 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***